(സി) ഇതിൽ മെയിൻ ലിസ്റ്റിൽനിന്നും, സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും എത്രപേരെ വീതം നിയമിച്ചു;

(ഡി) സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ നിന്ന് ആർക്കെങ്കിലും നിയമനം നൽകാതെ ഉണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ ഉള്ള (സപ്ലിമെന്ററി ഉൾപ്പെടെ) എല്ലാപേർക്കും ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് നിയമനം നൽകുമോ?

ഉത്തരം

(എ) 21.7.1997-ൽ

(ബി) 884 പേരെ.

(സി)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എ.പി.യിൽ നിർബന്ധിച്ച് പോളിസി എടുപ്പിച്ചതായ പരാതി

50 (2979) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ പുതുതായി റിക്രൂട്ട് ചെയ്യപ്പെട്ട പോലീസുകാരെ നിർബന്ധപൂർവ്വം എൽ.ഐ.സി. പോളിസി എടുപ്പിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിനിംഗ് കാലത്ത് മേലുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തി വൻ തുകയ്ക്കുള്ള പോളിസി എടുപ്പിച്ചു എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പോലീസ് അസോസിയേഷൻ എന്തെങ്കിലും പരാതി നൽകുകയുണ്ടായോ;

(ഡി) ഈ പ്രശ്നത്തിന് പുറത്തുനിന്നുള്ള ഉന്നതനായ ഉദ്യോഗസ്ഥനെക്കൊണ്ട് രഹസ്യാന്വേഷണം നടത്തിക്കുമോ;

(ഇ) ഇതിന് പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഉത്തരവാദികളാണെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) പരാതി ലഭിച്ചിട്ടില്ല.

പോലീസ് കോൺസ്റ്റബിൾ നിയമനം

51 (2980) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേക്കുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് ബറ്റാലിയനുകളിൽ ഇതുവരെയായി എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മറ്റ് ബറ്റാലിയനുകളിൽ നിന്നും വ്യത്യസ്തമായി 4-ാം ബറ്റാലിയനിൽ കുറച്ചുമാത്രം നിയമനം നടക്കാനുള്ള കാരണമെന്താണെന്ന് വിവരിക്കാമോ;

(ഡി) ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 824 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി)

എസ്.എ.പി.	-	1312
എം.എസ്.പി.	-	1157
കെ.എ.പി.	-	992
കെ.എ.പി.-11	-	884
കെ.എ.പി.-111	-	977
കെ.എ.പി.-5	-	570

(സി) 4-ാം ബറ്റാലിയനിൽ നിന്നും ആണ് കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ഉണ്ടാകുന്ന പി.സി.മാരുടെ ഒഴിവിലേക്ക് ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നത്. ഇപ്രകാരം ട്രാൻസ്ഫർ ചെയ്ത് നിയമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും 4-ാം ബറ്റാലിയനിലേക്ക് നിയമനം നടത്തുന്നു. ടി. ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളെ ആശ്രയിച്ചാണ് കെ.എ.പി. 4-ാം ബറ്റാലിയനിലെ നിയമനം.

(ഡി) നിലവിൽ ഒഴിവുകൾ ഇല്ല.

ജില്ലാ പോലീസ് ഓഫീസിൽ മാനേജരുടെ തസ്തിക

52 (2981)ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ, ജില്ലാ പോലീസ് ഓഫീസിൽ മാനേജരുടെ തസ്തിക സൃഷ്ടിക്കാത്ത സ്ഥിതി നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) കാസർഗോഡ് ജില്ലാ പോലീസ് ഓഫീസിൽ മാനേജരുടെ തസ്തിക ഇല്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ മാനേജരുടെ തസ്തിക സൃഷ്ടിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അവിടെ മാനേജർ തസ്തിക സൃഷ്ടിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലാ പോലീസ് ഓഫീസിൽ മാനേജരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly